**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2083. 26.03.2013 ൽ മറുപടിയ്ക്ക്.

ക്യാമറ സർവെയ്‌ലൻസ് പദ്ധതി

| ചോദ്യം<br>ശ്രീ. പാലോട് രവി<br>,, ഷാഫി പറമ്പിൽ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹനവകുപ്പിന്റെ കീഴിൽ വാഹനങ്ങളുടെ അധികവേഗത കണ്ടെത്തുന്നതിനായി നടപ്പാക്കിവരുന്ന ആധുനിക സർവെയ്‌ലൻസ് പ്രോഗ്രാം വ്യാപിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | തിരുവനന്തപുരത്ത് മൂന്നു ജംഗ്ഷനുകളിലും ചേർത്തല മുതൽ വൈറ്റില വരെയും റഡാർ സർവെയലൻസ് സംവിധാനം പ്രവർത്തനക്ഷമമായിക്കഴിഞ്ഞു. വൈറ്റില മുതൽ മണ്ണുത്തി വരെയുള്ള ഭാഗത്ത് ക്യാമറകൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഘട്ടത്തിലാണ്. മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള 17 കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതി നല്കിക്കഴിഞ്ഞു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | നാഷണൽ ഹൈവേയിൽ മണ്ണുത്തി മുതൽ കാസർഗോഡ് വരെയുള്ള പ്രധാന സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ച് അമിത വേഗത, ട്രാഫിക് നിയമലംഘനങ്ങൾ എന്നിവ കണ്ടുപിടിയ്ക്കുന്നതിനും, നിയമലംഘകർക്ക് നോട്ടീസ് അയച്ച് പിഴ ഈടാക്കുന്നതിനും അതുവഴി റോഡു സുരക്ഷ ഉറപ്പാക്കുന്നതിനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. |
| (സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ; | (സി)<br>&<br>(ഡി) | ചേർത്തല മുതൽ മണ്ണുത്തി വരെയുള്ള പദ്ധതി കെൽട്രോൺ ആണ് നടപ്പാക്കുന്നത്. മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെയുള്ള പദ്ധതി നടത്തിപ്പിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ.